(ബി) പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞോ എന്നും ഏതൊക്കെ പദ്ധതികൾ ഇപ്പോൾ പ്രസ്തുത വകുപ്പിൽ നടന്നുകൊണ്ടിരിക്കുന്നു എന്നും വിശദീകരിക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ

181 (5534)ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ ആകെ എത്ര അങ്കണവാടികളുണ്ടെന്നും ഇതിൽ എത്ര അംഗൻവാടികൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നുവെന്നും അല്ലാത്തവ ഏതെല്ലാമാണെന്നും പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ആകെ പ്രവർത്തിക്കുന്ന അങ്കണവാടികൾ - 274. സ്വന്തമായി കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയും അല്ലാത്തവയും സംബന്ധിച്ച പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	പഞ്ചായത്ത്/ മുനിസിപ്പാലിറ്റി	സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	വാടക രഹിത കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	ആകെ
(1)	(2)	(3)	(4)	(5)	(6)
1	വക്കം	9	10	...	19
2	ആറ്റിങ്ങൽ മുനിസിപ്പാലിറ്റി	12	15	2	29
3	പുളിമാത്ത്	26	6	1	33
4	പഴയകുന്നുമ്മേൽ	12	15	..	27
5	നഗരൂർ	17	11	2	30

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)
6	കിളിമാന്തൂർ	13	10	...	23
7	പള്ളിക്കൽ	6	11	1	18
8	നാവായിക്കുളം	19	20	2	41
9	മടവൂർ	9	10	3	22
10	കരവാരം	22	9	1	32
	ആകെ	145	117	12	274

കന്നംകുളം നിയോജകമണ്ഡലത്തിൽ വികലാംഗർക്ക് മുച്ചക്ര വാഹനം

182 (5535) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗർക്ക് മുച്ചക്രവാഹനം ലഭ്യമാക്കുന്ന പദ്ധതി പ്രകാരം കുന്നംകുളം നിയോജകമണ്ഡലത്തിൽ ഇതേ വരെ എത്ര വികലാംഗർക്ക് മുച്ചക്ര വാഹനം ലഭ്യമാക്കിയിട്ടുണ്ട് ;

(ബി) ഇതിന്റെ പഞ്ചായത്ത് തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ?

ഉത്തരം

(എ) വികലാംഗക്ഷേമ കോർപ്പറേഷനിൽനിന്ന് വികലാംഗർക്ക് മുച്ചക്രവാഹനം ലഭ്യമാക്കുന്ന പദ്ധതി പ്രകാരം കുന്നംകുളം നിയോജക മണ്ഡലം ഉൾപ്പെടുന്ന തൃശ്ശൂർ ജില്ലയിലെ കോഴൂർ 3 എണ്ണവും പുല്ലഴിയിൽ 1, വേലൂർ 1, പാലുവായ് 1 എന്നിങ്ങനെ 6 മുച്ചക്രവാഹനം നൽകിയിട്ടുണ്ട്.

(ബി) മുച്ചക്ര വാഹനങ്ങൾ വിതരണം ചെയ്യുന്നത് പഞ്ചായത്തുതിരിച്ചല്ല.

ഐ.സി.ഡി.എസ്. പദ്ധതിയിൻകീഴിൽ ഒഴിവുള്ള തസ്തികകൾ

183 (5536) ശ്രീ. വി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.സി.ഡി.എസ്. പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് പ്രോജക്ട് ഓഫീസർ, ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ, അംഗൻവാടി വർക്കർ, അംഗൻവാടി ഹെൽപ്പർ എന്നിവരുടെ എത്ര വീതം അനുവദിക്കപ്പെട്ട തസ്തികകളും ഒഴിവുകളും ഉണ്ടെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly